1480
25/1/17

# കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്-റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.ശ്യാമിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.479/2016/വനം തീയതി, തിരുവനന്തപുരം,19.12.2016

---

പരാമർശം:-
1) 27.07.2012 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി6-29755/08 നമ്പർ കത്ത്
2) 14.09.2012 ലെ 10007/എ 2/2012/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3) 05.08.2014 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ AI(2)/9112/13/GW നമ്പർ കത്ത്
4) 08.10.2014 ലെ 10007/എ 2/2012/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5) 25.07.2015 ലെ 10007/എ 2/2012/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) 19.10.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ AI(2)/9112/13/GW നമ്പർ കത്ത്

## ഉത്തരവ്

തമിഴ് നാട്ടിൽ നിന്നും ഇറക്കുമതി ചെയ്ത തടി കയറ്റി വന്ന ലോറി മണ്ഡപത്തിൻ കടവ് വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ പരിശോധന നടത്തവേ വനം വകുപ്പിന്റെ ജീപ്പിലെത്തി, ശ്രീ.പി.ശ്യാം, റെയിഞ്ച് ഓഫീസർ ഉൾപ്പെടെ 4 വനം വകുപ്പ് ജീവനക്കാർ ചെക്ക് പോസ്റ്റ് ജീവനക്കാരെ കയ്യേറ്റം ചെയ്യുകയും ലോറി ബലമായി കടത്തിക്കൊണ്ട് പോകാൻ ശ്രമിക്കുകയും ചെയ്തു എന്നും ചട്ടലംഘനം നടത്തിയ ലോറിയും തടിയും പിടിച്ചെടുത്ത് നടപടി സ്വീകരിക്കുന്നതിന് പകരം വാണിജ്യ നികുതി ഒഴിവാക്കി കടത്തിക്കൊടുക്കുന്നതിന് ലോറിയിലെ ജീവനക്കാരോട് കൈക്കൂലി ആവശ്യപ്പെടുകയും വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് നടപടി ഭയന്ന് ജീവനക്കാർ ലോറി ഉപേക്ഷിച്ച് പോവുകയും ചെയ്തു എന്ന മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണം നടത്തിയ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വാർത്തയിലെ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ട് വിശദമായ അന്വേഷണത്തിന് തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വിശദമായ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ട ശ്രീ.പി.ശ്യാം, റെയിഞ്ച് ഓഫീസർക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഡി&പി) തലത്തിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

ടിയാനെതിരായ കുറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1) 16.10.2008 ന് രാത്രി കെ.എൽ-01-എറ്റി-239 നമ്പർ സർക്കാർ ജീപ്പ് ഔദ്യോഗികാവശ്യത്തിനെന്ന വ്യാജേന ദുരുപയോഗം ചെയ്തു.

2) 16.10.2008 ന് രാത്രി കെ.എൽ-01-എറ്റി-239 നമ്പർ സർക്കാർ ജീപ്പിൽ യൂണിഫോം ധരിക്കാതെ സഞ്ചരിച്ച് മണ്ഡപത്തിൻകടവ് വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ നിയമാനുസൃതം നടപടി നടത്താനായി മറ്റൊരു സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ നിർത്തിയിട്ടിരുന്ന തടി കയറ്റിയ റ്റി.എൻ-74 എ-2777 നമ്പർ ലോറി ബലപ്രയോഗത്തിലൂടെ എടുത്തുകൊണ്ടുപോയി.

3) ജീപ്പിൽ യാത്ര ചെയ്യുന്ന വേളയിലും തുടർന്ന് മേൽ ക്രമരഹിത പ്രവർത്തനം നടത്തുമ്പോഴും ടിയാൻ മദ്യപിച്ച് മദോന്മത്തനായിരുന്നു.

4) മണ്ഡപത്തിൻകടവ് വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ നിന്നും കള്ളിക്കാട് ചെക്ക്പോസ്റ്റ് വഴി വാണിജ്യ നികുതി ഒഴിവാക്കി റ്റി.എൻ-74 എ-2777 നമ്പർ ലോറി കടത്തി വിടുന്നതിന് ഡ്രൈവറോട് കൈക്കൂലി ആവശ്യപ്പെട്ടു.

5) മണ്ഡപത്തിൻകടവ് വാണിജ്യ നികുതി ചെക്ക്പോസ്റ്റ് ജീവനക്കാരോട് അപമര്യാദയായി പെരുമാറുകയും അവരുടെ കൈവശമിരുന്ന രേഖകൾ ബലമായി കൈവശപ്പെടുത്തുകയും അവരെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു.

6) നിയമലംഘനം നടത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ റ്റി.എൻ-74 എ-2777 നമ്പർ ലോറി കസ്റ്റഡിയിൽ എടുത്ത് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തി

7) വനം വകുപ്പിന് കളങ്കം ചാർത്തിയ മേൽപ്പറഞ്ഞ പ്രവൃത്തികൾ വഴി തികഞ്ഞ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഔദ്യോഗിക പെരുമാറ്റദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവും കാട്ടി.

കുറ്റപത്രത്തിന് ശ്രീ.പി.ശ്യാം സമർപ്പിച്ച പ്രതിവാദപത്രികയിൽ കുറ്റങ്ങൾ നിഷേധിച്ചിരുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണത്തിന് ഉത്തരവായി.

ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം ടിയാനെതിരെയുള്ള 1,3 ചാർജ്ജുകൾ ഒഴികെ മറ്റ് ചാർജ്ജുകൾ പൂർണ്ണമായോ ഭാഗികമായോ തെളിഞ്ഞിട്ടുണ്ട്. ശ്രീ.ശ്യാം, സ്റ്റേറ്റ് സർവ്വീസിൽ ആയതിനാൽ ടിയാനെതിരെയും കഠിനശിക്ഷയുള്ള അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചു.

ഔപചാരികാന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ അന്വേഷണ അധികാരിയുടെ നിഗമനങ്ങൾ ശരിയാണെന്ന് കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശ്യാമിനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിന്റെ

ഭാഗമായി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി നോട്ടീസിന് ശ്രീ.ശ്യാം സമർപ്പിച്ച മറുപടിയിന്മേൽ അഭിപ്രായം ലഭ്യമാക്കിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി&പി) നോട്ടീസിലെ ശിക്ഷ സ്ഥിരപ്പെടുത്താവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

മേൽ ശിക്ഷ സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു.

എന്നാൽ മേൽ വിഷയം പരിശോധിച്ച കമ്മീഷൻ അച്ചടക്ക ലംഘനം, പെരുമാറ്റ ദൂഷ്യം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനം എന്നീ ഗൗരവമുള്ള കുറ്റങ്ങൾ കുറ്റാരോപിതനെതിരെ തെളിഞ്ഞിട്ടുള്ളതിനാൽ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുക എന്ന സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിക്കുകയും ചെയ്ത കുറ്റത്തിന് ആനുപാതികമായി ശിക്ഷ വർദ്ധിപ്പിച്ച് നൽകുവാൻ പരാമർശം (3) പ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു.

ഈ വിഷയം പുനരവലോകനം ചെയ്തതിനെ തുടർന്ന് ശ്രീ.ശ്യാമിന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി.

എന്നാൽ ശ്രീ.ശ്യാം 31.05.2012 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. അതിനാൽ ശ്രീ.ശ്യാമിന്റെ മാസപെൻഷനിൽ നിന്നും 300/- രൂപ വീതം 5 വർഷത്തേയ്ക്ക് കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ഈടാക്കാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (5) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. അതിന് ടിയാൻ സമർപ്പിച്ച മറുപടിയിന്മേൽ അഭിപ്രായം രേഖപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മേൽ വിഷയത്തിൽ സർക്കാർ നഷ്ടമുണ്ടായിട്ടില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല എങ്കിലും സർവ്വീസിൽ നിന്നും വിരമിച്ച ടിയാന്റെ, കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ, മറ്റ് ജീവിത ചെലവുകൾ, അമ്മയുടെയും, ടിയാന്റെയും ചികിത്സാ ചെലവുകൾ എന്നിവ കാരണം ടി ഉത്തരവ് നടപ്പിലാക്കിയാൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുമെന്നുള്ള അപേക്ഷ പരിഗണിച്ച് ശിക്ഷ ഇളവ് ചെയ്ത് നൽകാവുന്നതാണ് എന്ന് ശുപാർശ ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ച ശിക്ഷയിൽ ഇളവ് വരുത്തി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് തടയാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച്, പ്രസ്തുത താൽക്കാലിക തീരുമാനത്തിന്മേൽ ബഹു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞു.

ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ ഉപദേശ പ്രകാരമുള്ള ശിക്ഷ നൽകാൻ സാങ്കേതിക കാരണങ്ങളാൽ സാധിച്ചിട്ടില്ലായെന്നതിനാൽ അതിനു ആനുപാതികമായി, പരാമർശം (5) പ്രകാരം നൽകിയ ശിക്ഷയായ 300/- രൂപ വീതം പെൻഷനിൽ നിന്നും അഞ്ചു വർഷത്തേയ്ക്ക് ഈടാക്കാനുള്ള

തീരുമാനം നടപ്പിലാക്കാവുന്നതാവും അഭികാമ്യമെന്നു കമ്മീഷൻ കരുതുകയും പരാമർശം (6) പ്രകാരം സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ശ്യാം റിട്ടയേർഡ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് പരാമർശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ സർക്കാർ താൽക്കാലികമായി തീരുമാനിച്ച ടിയാന്റെ മാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 5 വർഷത്തേയ്ക്ക് ഈടാക്കുക (കെ.എസ്.ആർ. ഭാഗം III ചട്ടം 3 ) എന്ന ശിക്ഷ സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജി.അനിൽകുമാർ,
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.പി.ശ്യാം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവരസാങ്കേതിക (വെബ് &ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ